പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ-3482 12/12/2014-ലെ മറുപടിക്ക്

നെൽകൃഷി വികസന പദ്ധതികൾ

ചോദ്യം

ശ്രീമതി.കെ.കെ. ലതിക

ഉത്തരം

ശ്രീ. കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | കുറ്റ്യാടി മണ്ഡലത്തിലെ പുറമേരി, തിരുവള്ളൂർ, മണിയൂർ പഞ്ചായത്തുകളിലെ പാടശേഖരങ്ങളിൽ നടപ്പാക്കാൻ പിപിഎം സെല്ലിന്റെ പരിഗണനയിൽ ഏതെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) യും ബി) യും സി) യും | പിപിഎം സെല്ലിന്റെ പരിഗണനയിൽ താഴെപ്പറയുന്ന നാല് പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.<br>1. മണിയൂർ പഞ്ചായത്തിലെ ചെറണ്ടത്തൂർ ചിറ കെ.ബി കനാൽ പുനരുദ്ധാരണവും മോട്ടോർഷെഡ് നിർമ്മാണവും-136.42 ലക്ഷം<br>2. തിരുവള്ളൂർ പഞ്ചായത്തിലെ കുമ്പളോട്ട് താഴെ പാടശേഖരത്തിലെ വി.സി.ബിയുടെ നിർമ്മാണം- 13.84 ലക്ഷം<br>3. പുറമേരി പഞ്ചായത്തിലെ അരൂർ നടയമ്മൽ പാടശേഖരത്തിലെ സംരക്ഷണഭിത്തി നിർമ്മാണം-53.13 ലക്ഷം<br>4. പുറമേരി പഞ്ചായത്തിലെ പെരുമുണ്ടശ്ശേരി പാടശേഖരത്തിലെ വികസനപ്രവൃത്തികൾ- 60.29 ലക്ഷം<br>ഈ പദ്ധതികൾക്ക് 20-5-2014 ലെ സ.ഉ(എം.എസ്)നം.109/2014/കൃഷി പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |
| ബി) | പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; | | |
| സി) | ഇല്ലെങ്കിൽ ഉടൻ തന്നെ ഭരണാനുമതി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; | | |
| ഡി) | പ്രസ്തുത പ്രവൃത്തികൾ പൂർത്തിയായാൽ കൂടുതലായി എത്ര ഹെക്ടറിൽ നെൽകൃഷി നടത്താനും എത്ര ടൺ നെല്ല് കൂടുതലായി ഉല്പാദിപ്പിക്കാനും കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ? | ഡി | പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചാൽ നിലവിലെ 185 ഹെക്ടറിൽ നിന്നും 200 ഹെക്ടറിലേയ്ക്കായി നെൽകൃഷി വ്യാപിപ്പിക്കുവാനും 200 ഹെക്ടറിൽ അധികവിള നടത്തുവാനും 1390 ടൺ നെല്ല് കൂടുതലായി ഉൽപാദിപ്പിക്കുവാനും സാധിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത് |

സെക്ഷൻ ഓഫീസർ